**പതിനഞ്ചാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2025 സെപ്റ്റംബർ 17, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്

മി. സ്പീക്കർ: സംസ്ഥാനത്ത് അമീബിക് മസ്തിഷ്കജ്വരംമൂലം നിരവധിപേർ മരണമടഞ്ഞിട്ടും രോഗംതടയാൻ സർക്കാർ കാര്യക്ഷമമായ ഇടപെടൽ നടത്താത്തതും ആരോഗ്യ മേഖലയിലെ പ്രതിസന്ധികളും ജനങ്ങളിൽ ആശങ്ക ഉളവാക്കിയിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സർവശ്രീ എൻ. ഷംസുദ്ദീൻ, ഐ. സി. ബാലകൃഷ്ണൻ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട വിഷയമായതിനാലും ഇതുസംബന്ധിച്ച് തെറ്റായ പ്രചാരണങ്ങൾ നടക്കുന്നതിനാലും നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ച ചെയ്യാൻ തയ്യാറാണ്.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചു.)

## II ശ്രദ്ധ ക്ഷണിക്കൽ

### (1) മാലിന്യ സംസ്കരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കൽ

ശ്രീ. വി. കെ. പ്രശാന്ത്: മാലിന്യമുക്ത നവകേരളം യാഥാർഥ്യമാക്കാൻ ഉറവിട മാലിന്യ സംസ്കരണവും ഗ്രീൻ പ്രോട്ടോകോൾ ഇനിഷ്യേറ്റീവും സീറോ വേസ്റ്റുമുൾപ്പെടെയുള്ളവ സർക്കാരിന്റെ മുഖ്യ നയമായി സ്വീകരിക്കണം. എം.സി.എഫ്., മിനി എം.സി.എഫ്., ആർ.ആർ.എഫ്. എന്നിവ കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും മാലിന്യ സംസ്കരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): 2025 മാർച്ച് 30-ന് സംസ്ഥാനത്തെ സമ്പൂർണ്ണ ഖര മാലിന്യമുക്ത സംസ്ഥാനമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഉറവിടത്തിൽത്തന്നെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള വികേന്ദ്രീകൃത ജൈവമാലിന്യ സംസ്കരണ രീതിയാണ് സർക്കാർ പ്രോത്സാഹിപ്പിക്കുന്നത്. 25.12 ലക്ഷം ഉറവിട ജൈവമാലിന്യ സംസ്കരണോപാധികളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്. വീടുകളിലെ ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി വസ്തു നികുതിയിൽ 5 ശതമാനം ഇളവനുവദിച്ചിട്ടുണ്ട്. ബ്രഹ്മപുരത്ത് കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്; പാലക്കാട് ജില്ലയിൽ രണ്ട് മാസത്തിനകം പൂർത്തീകരിക്കും. തൃശ്ശൂർ, തിരുവനന്തപുരം, കൊല്ലം, ചങ്ങനാശ്ശേരി ഉൾപ്പെടെയുള്ള സ്ഥലങ്ങളിലും പ്ലാന്റ് സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നത്. അജൈവ മാലിന്യ ശേഖരണത്തിനായി പൊതുസ്ഥലങ്ങളിൽ ബിന്നുകൾ, ബോട്ടിൽ ബൂത്തുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. മാലിന്യനിർമ്മാർജന പ്രവർത്തനങ്ങൾ ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെ

ഏകോപിപ്പിക്കുന്നതിനായി ഹരിതമിത്രം 2.0 ആപ്ലിക്കേഷൻ നടപ്പാക്കിയിട്ടുണ്ട്. ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽത്തന്നെ സാനിട്ടറി മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതാണ്. കോഴി മാലിന്യം സംസ്കരിക്കുന്നതിനായി റെൻഡറിങ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. നിഷ്ക്രിയ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി ആർ.ഡി.എഫ്. പ്ലാന്റുകൾ സ്ഥാപിക്കുന്നതാണ്.

(2) ലൈഫ് ഭവന പദ്ധതി

ശ്രീ. പി. സി. വിഷ്ണുനാഥ്: ഫണ്ടിന്റെ ലഭ്യതക്കുറവ് കാരണം ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള തുകയുടെ ഗഡുക്കൾ വിതരണം ചെയ്യാനാകാതെ ഗ്രാമപഞ്ചായത്തുകൾ പ്രതിസന്ധിയിലായിരിക്കുകയാണ്. വീട് നിർമ്മാണത്തിനായി എഗ്രിമെന്റുവച്ച ഗുണഭോക്താക്കൾക്ക് ആദ്യ ഗഡു ലഭിച്ചില്ലെന്നുമാത്രമല്ല രണ്ടും മൂന്നും ഗഡുക്കൾ ലഭിക്കാതെ ഭവന നിർമ്മാണം പാതിവഴിയിൽ നിർത്തേണ്ടിവന്നിട്ടുമുണ്ട്. പല പഞ്ചായത്തുകൾക്കും തനതുഫണ്ട് ഇല്ലാത്തതിന്റെയും ഹഡ്കോ വായ്പ ലഭ്യമാകാത്തതിന്റെയും പ്രശ്നമുണ്ട്. ഹഡ്കോ വായ്പ ലഭിക്കാത്ത പഞ്ചായത്തുകളെ സഹായിക്കുന്നതിനും ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട പ്രതിസന്ധി പരിഹരിക്കുന്നതിനും നിർമ്മാണച്ചെലവ് കൂടിയ പശ്ചാത്തലത്തിൽ ഭവന നിർമ്മാണ ധനസഹായം 7 ലക്ഷം രൂപയായി വർധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ലൈഫ് ഭവന പദ്ധതി പ്രകാരം അനുവദിക്കുന്ന ധനസഹായത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം, സംസ്ഥാന വിഹിതം, വായ്പാ വിഹിതം എന്നിവ ഉൾപ്പെടുന്നുണ്ട്. തനതുഫണ്ട് ലഭ്യത അടിസ്ഥാനമാക്കി കരാർവച്ച് ഭവന നിർമ്മാണം ആരംഭിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഗുണഭോക്താക്കൾക്ക്

ഭവന നിർമ്മാണത്തിന് തടസ്സമുണ്ടാകുന്നില്ല. അനുവദിച്ച വായ്പയേക്കാൾ കൂടിയ തുകയ്ക്ക് ഗുണഭോക്താക്കളുമായി കരാർ വച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകൾക്ക് അധിക വായ്പ ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതിദരിദ്രരായ ഭൂരഹിത ഭവനരഹിതർക്ക് വീടും സ്ഥലവും വാങ്ങുന്നതിനായി 6 ലക്ഷം രൂപ നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. തുടർ ഗഡുക്കൾ തടസ്സമില്ലാതെ വിതരണം ചെയ്യുന്നതിനായി 1500 കോടി രൂപകൂടി KURDFC-യിൽനിന്നും വായ്പ എടുക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. ലൈഫ് പദ്ധതി പ്രകാരം 18,885 കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്. സർക്കാരിന്റെ കടുത്ത സാമ്പത്തിക പരിമിതിമൂലം ഭവന നിർമ്മാണ ധനസഹായം വർധിപ്പിക്കാൻ ഇപ്പോൾ നിർവാഹമില്ല.

## III സബ്മിഷൻ

### (1) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ശസ്ത്രക്രിയയ്ക്ക് വിധേയയായ യുവതിക്ക് നഷ്ടപരിഹാരവും തുടർചികിത്സയും

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ തൈറോഡെക്ടമി ശസ്ത്രക്രിയയ്ക്ക് വിധേയയാകുകയും ചികിത്സാപിഴവുമൂലം ദുരിതമനുഭവിക്കുകയും ചെയ്യുന്ന യുവതിക്ക് സൗജന്യ തുടർചികിത്സ ഉറപ്പാക്കുകയും നഷ്ടപരിഹാരം അനുവദിക്കുകയും ഉത്തരവാദിയായ ഡോക്ടർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ തൈറോഡെക്ടമി ശസ്ത്രക്രിയയ്ക്ക് വിധേയയായ യുവതിയുടെ ശരീരത്തിൽ ഗൈഡ്‌വയർ കണ്ടെത്തിയതുമായി ബന്ധപ്പെട്ട വിഷയത്തിൽ അന്വേഷണം നടത്തുന്നതിനായി രൂപീകരിച്ച വിദഗ്ധ സമിതി മെഡിക്കൽ രേഖകൾ പരിശോധിച്ചെങ്കിലും പൂർണ്ണമായ നിഗമനത്തിലെത്താൻ സാധിക്കാത്തതിനെത്തുടർന്ന്

തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിലെയും ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിലെയും വിദഗ്ധ ഡോക്ടർമാരെക്കൂടി സമിതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. യുവതിയുടെ പരാതിയിൽ തിരുവനന്തപുരം സിറ്റി കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. യുവതിക്ക് സർക്കാർ ആശുപത്രികളിൽനിന്നും സൗജന്യ വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതാണ്. വിദഗ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് യുവതിയുടെ ശരീരത്തിൽനിന്നും ഗൈഡ്‌വയർ നീക്കം ചെയ്യുന്നതും നഷ്ടപരിഹാരം ഉറപ്പുവരുത്തുന്നതും കുറ്റക്കാരനായ ഡോക്ടർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതുമാണ്.

(2) <u>പൂഴിത്തോട്-പടിഞ്ഞാറേത്തറ റോഡ് നിർമ്മാണം</u>

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താമരശ്ശേരി, കുറ്റ്യാടി ചുരങ്ങളിലൂടെയുള്ള പാതകളിൽ തുടർച്ചയായി ഗതാഗത തടസ്സം അനുഭവപ്പെടുന്ന സാഹചര്യത്തിൽ ചുരം പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടുള്ള പൂഴിത്തോട്-പടിഞ്ഞാറേത്തറ റോഡ് നിർമ്മാണം എത്രയുംവേഗം യാഥാർത്ഥ്യമാക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): പൂഴിത്തോട്-പടിഞ്ഞാറേത്തറ റോഡ് നിർമ്മാണത്തിനുള്ള സാധ്യതാപഠനം നടത്തുന്നതിന് 1.5 കോടി രൂപ അനുവദിക്കുകയും വനത്തിനകത്തെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ഏറെക്കുറെ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട്, വയനാട് ജില്ലകളിലെ വനേതര ഭാഗങ്ങളിൽ ജി.പി.എസ്. സർവെയും വനത്തിനുള്ളിൽ റഡാർ-കം-ഡ്രോൺ സർവെയും നടത്തിക്കഴിഞ്ഞു. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടുകൾ പരിശോധിച്ച് പൂഴിത്തോട്-പടിഞ്ഞാറേത്തറ റോഡിന്റെ താൽക്കാലിക അലൈൻമെന്റ് തയ്യാറാക്കാൻ നിർദേശം നൽകിയിട്ടുണ്ട്. 2025 ഡിസംബറോടെ പദ്ധതിരേഖയ്ക്ക് അന്തിമരൂപം നൽകുകയും

തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യും.

(3) നീലേശ്വരം എടത്തോട് റോഡ് നിർമ്മാണം

ശ്രീ. ഇ. ചന്ദ്രശേഖരൻ: നീലേശ്വരം-എടത്തോട് റോഡ് നിർമ്മാണം പുനരാരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): 12.77 കി.മീ. നീളമുള്ള നീലേശ്വരം-എടത്തോട് റോഡിന്റെ 8.38 കി.മീ. ഡി.ബി.എം. പൂർത്തീകരിച്ചെങ്കിലും പ്രവൃത്തിയിൽ കാലതാമസുമണ്ടായതിനെത്തുടർന്ന് കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്തിട്ടുണ്ട്. കിഫ്ബി 43.27 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുള്ള പ്രസ്തുത റോഡ് നിർമ്മാണത്തിന്റെ ബാക്കി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പുതുക്കി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്.

(4) കോന്തുരുത്തി പുഴ പുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങളുടെ പുനരധിവാസവും കനാൽ നവീകരണവും

ശ്രീ. ടി. ജെ. വിനോദ്: Integrated Urban Regeneration and Water Transport System (IURWTS) നടപ്പാക്കുന്നതിന്റെ ഭാഗമായുള്ള പുനരധിവാസ പാക്കേജിൽ കോന്തുരുത്തി പുഴയുടെ പുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങളെക്കൂടി ഉൾപ്പെടുത്തുന്നതിനും കനാൽ നവീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): IURWTS-ൽ ഉൾപ്പെട്ട കോന്തുരുത്തി പുഴ പുറമ്പോക്ക് കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി പുനരധിവാസത്തിന് അർഹരായവരിൽ ലൈഫ്, ഭൂരഹിത, ഭവനരഹിത പട്ടികയിലുൾപ്പെട്ട 56 കുടംബങ്ങളെ ഒഴിവാക്കി ബാക്കിയുള്ളവരെ പരിഗണിക്കുന്നതിന് അനുമതി നൽകിയിരുന്നെങ്കിലും ഭൂമി

ലഭ്യമാകാത്തതിനാൽ തുടർനടപടി സ്വീകരിക്കാൻ കഴിഞ്ഞില്ല. പ്രസ്തുത സാഹചര്യത്തിൽ ഒഴിപ്പിക്കപ്പെടുന്നവർക്ക് നൽകാനാവശ്യമായിവരുന്ന 11.655 കോടി രൂപയിൽ മാനദണ്ഡപ്രകാരമുള്ള സംസ്ഥാന വിഹിതം നൽകുന്നതിന് തീരുമാനിക്കുകയും ലീഗൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സമിതി രൂപീകരിച്ച് തുക വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കൈയേറ്റ ഭൂമി തിരിച്ചുപിടിക്കുന്ന കാര്യത്തിൽ സമിതി റിപ്പോർട്ടിന്റെയും കോടതി വിധിയുടെയും അടിസ്ഥാനത്തിൽ മാത്രമേ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. IURWTS-നുവേണ്ടി 3716.10 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. കോന്തുരുത്തി പുഴ സംരക്ഷിക്കുന്നതിവേണ്ടി 41.33 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പുനരധിവാസ പ്രവൃത്തി പൂർത്തിയാക്കി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് കനാൽ കൈമാറുന്ന മുറയ്ക്ക് നവീകരണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

(5) ഡിജിറ്റൽ റീസർവെ നടപടികൾ

ശ്രീ. മുഹമ്മദ് മുഹസിൻ: ഡിജിറ്റൽ റീസർവെയുടെ ഭാഗമായി നടപടി സ്വീകരിക്കുമ്പോൾ പുറമ്പോക്ക് ഭൂമിയിൽ ദീർഘകാലമായി താമസിക്കുന്ന അർഹരായവർക്ക് പട്ടയം നൽകുകയും അനധികൃത കൈയേറ്റങ്ങൾ ഒഴിപ്പിക്കുകയും ചെയ്യണം. സ്വകാര്യ ഭൂമിയിൽ ഉൾപ്പെട്ടിട്ടുള്ള പുറമ്പോക്ക് ഭൂമി ഏറ്റെടുക്കുന്നതോടൊപ്പം മാന്വലായി ഭൂമി അളന്നുതിരിച്ചതിലുണ്ടായ അപാകതകൾ പരിഹരിച്ച് കൈവശരേഖ നൽകുന്നതിനും പട്ടാമ്പി നിയോജകമണ്ഡലത്തിൽ മുതുതല പഞ്ചായത്തിലെ കൊട്ടുമുണ്ട-വി.കെ. കടവ് പ്രദേശത്തും കൊപ്പം പഞ്ചായത്തിലെ കമ്പനിപ്പറമ്പ് പ്രദേശത്തും ദീർഘകാലമായി താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഡിജിറ്റൽ റീസർവെയിലൂടെ സർക്കാരിന്റെ ഭൂമി അളന്നതിനുശേഷമാണ് മറ്റുള്ള ഭൂമി അടയാളപ്പെടുത്തുന്നത്.

ദീർഘകാലമായി ഭൂമി കൈവശം വച്ചിട്ടുള്ളവർക്ക് അർഹതയ്ക്കുവിധേയമായി അത് ലഭ്യമാക്കുന്നതാണ്. ഡിജിറ്റൽ റീസർവെയിലൂടെ 8 ലക്ഷം ഹെക്ടറിലധികം ഭൂമിയും 59.82 ലക്ഷം ലാൻഡ് പാഴ്സലുകളും അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. പട്ടയം നൽകിയിട്ടുള്ള ഭൂമിയിൽ അധികഭൂമി കണ്ടെത്തിയാൽ നിയമപരമായി അത് ക്രമീകരിച്ച് നൽകാൻ സാധിക്കില്ല. പട്ടാമ്പി നിയോജകമണ്ഡലത്തിൽ മുതുതല പഞ്ചായത്തിലെ കൊട്ടുമുണ്ട-വി.കെ. കടവ് പ്രദേശത്തും കൊപ്പം പഞ്ചായത്തിലെ കമ്പനിപ്പറമ്പ് പ്രദേശത്തും ദീർഘകാലമായി താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(6) <u>വൈപ്പിൻകരയിലെ കടലാക്രമണവും ഓരുവെള്ള ഭീഷണിയും</u>

<u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: വൈപ്പിൻ-മുനമ്പം തീരദേശമേഖലയെ കടലാക്രമണ-ഓരുവെള്ള ഭീഷണിയിൽനിന്നും സംരക്ഷിക്കാനായി പ്രഖ്യാപിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): വൈപ്പിൻ തീരപ്രദേശത്തെ ഓരുവെള്ള ഭീഷണിയിൽനിന്ന് സംരക്ഷിക്കുന്നതിനായി തയ്യാറാക്കുന്ന തീരദേശ മാനേജ്മെന്റ് പ്ലാനിന് അംഗീകാരം ലഭ്യമായാൽ അനുയോജ്യമായ പരിഹാര മാർഗങ്ങൾ നടപ്പാക്കാൻ സാധിക്കും. നായരമ്പലം, എടവനക്കാട്, ഞാറയ്ക്കൽ എന്നീ പഞ്ചായത്തുകളിൽ ജിയോ ബാഗുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു. എടവനക്കാട് ഗ്രാമപഞ്ചായത്തിലെ കടലാക്രമണം തടയുന്നതുമായി ബന്ധപ്പെട്ട് ടെട്രാപോഡ് സ്ഥാപിക്കുന്നതിനായി ജിഡ ലഭ്യമാക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം പരിഗണനയിലാണ്. വൈപ്പിൻ പ്രദേശത്തെ തോടുകളുടെ പുനരുജ്ജീവനത്തിനായി കുഴുപ്പിള്ളി, എടവനക്കാട്, മുളവുകാട്, പള്ളിപ്പുറം, നായരമ്പലം എന്നീ പഞ്ചായത്തുകളിൽ

നടപ്പാക്കുന്ന ഫ്ലോ ഗോശ്രീ പദ്ധതി പ്രവൃത്തികളുടെ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ആർ.എം.പി. തോടിന്റെ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനും അഴിമുഖത്തുള്ള എക്കലും ചെളിയും നീക്കുന്നതിനും വല്ലാർപ്പാടം ദ്വീപിനെ ഓരുവെള്ള ഭീഷണിയിൽനിന്ന് സംരക്ഷിക്കുന്നതിനുമുള്ള പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. വല്ലാർപ്പാടം കായലോരത്തെ ഔട്ടർ ബണ്ട് നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. ഇടക്കൊച്ചി, കുമ്പളം, പെരുമ്പടപ്പ് മേഖലകളിൽ സ്ലൂയിസും സംരക്ഷണ ഭിത്തിയും നിർമ്മിക്കുന്നതിനുള്ള മൂന്ന് പ്രവൃത്തികൾ ടെൻഡർ നടപടികളിലാണ്. തീരശോഷണം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ ദുരന്തബാധിതർക്ക് ദുരിതാശ്വാസ സഹായത്തിന് അർഹതയുണ്ട്. സംസ്ഥാന ദുരന്ത നിവാരണ വകുപ്പ് ഈ വിഷയത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (7) ഉളിയത്ത് കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ്

ശ്രീ. ടി. ഐ. മധുസൂദനൻ: ഉളിയത്ത് കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ഉളിയംകടവിൽ കവ്വായ് നദിക്ക് കുറുകെ ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിക്കുന്നതിലൂടെ പയ്യന്നൂർ മുനിസിപ്പാലിറ്റിയിലെയും തൃക്കരിപ്പൂർ, പീലിക്കോട്, കരിവെള്ളൂർ, പെരളം എന്നീ ഗ്രാമപഞ്ചായത്തുകളിലെയും കാർഷിക മേഖലയിലേക്ക് ഉപ്പുവെള്ളം കയറുന്നത് തടയാൻ സാധിക്കും. ഇതിനായി 85.40 കോടി രൂപയുടെ ഡി.പി.ആർ. അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(8) ഇരിക്കൂറിലെ ജലനിധി പദ്ധതി

ശ്രീ. സജീവ് ജോസഫ്: ഇരിക്കൂർ നിയോജകമണ്ഡലത്തിലുൾപ്പെടെ വിവിധ പഞ്ചായത്തുകളിലെ ജലനിധി പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ലോകബാങ്കിന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന ജലനിധി പദ്ധതിയുടെ ഭാഗമായുള്ള സ്കീമുകളുടെ തുടർനടത്തിപ്പിനാവശ്യമായ തുക ഗുണഭോക്താക്കളിൽനിന്ന് ശേഖരിച്ചുകൊണ്ടാണ് പ്രവർത്തനം നടത്തിവരുന്നത്. പ്രാദേശിക ജലസ്രോതസ്സുകൾ ലഭ്യമല്ലാത്തയിടങ്ങളിൽ പഞ്ചായത്തുകളും ഗുണഭോക്തൃ സമിതികളും വാട്ടർ അതോറിറ്റിയിൽനിന്ന് കുടിവെള്ളം വാങ്ങി വിതരണം ചെയ്യുന്ന ബൾക്ക് വാട്ടർ പദ്ധതിയും ജലനിധി പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയും ജലനിധിയും കുടിവെള്ളത്തിനായി ഈടാക്കുന്ന നിരക്കിൽ വ്യത്യാസം നിലനിൽക്കുന്നത് സംബന്ധിച്ച് ചർച്ച നടത്തി പരിഹാരം കണ്ടെത്തുന്നതാണ്.

(9) ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതി

ശ്രീ. ആന്റണി ജോൺ: ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതിയുടെ ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച് പദ്ധതി അടിയന്തരമായി കമ്മിഷൻ ചെയ്യാൻ നടപടി സ്വീകരിക്കണം.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): ഭൂതത്താൻകെട്ട് അണക്കെട്ടിലുള്ള അധികജലത്തിന്റെ വൈദ്യുത സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനാണ് 24 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ജലവൈദ്യുത പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ സിവിൽ പ്രവൃത്തികളും ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളും പൂർത്തീകരണ

ഘട്ടത്തിലാണ്. പദ്ധതിക്കാവശ്യമായ സാമഗ്രികളുടെ ഇറക്കുമതി തടസ്സപ്പെട്ടതിനാൽ കരാറുകാരനെ റിസ്ക് ആൻഡ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്തതുമായി ബന്ധപ്പെട്ട് കരാറുകാരൻ സമർപ്പിച്ച കേസ് ഹൈക്കോടതിയുടെ പരിഗണനയിലാണ്. പദ്ധതി എത്രയുംവേഗം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(9) <u>അടയ്ക്കാ കർഷകർ അഭിമുഖീകരിക്കുന്ന പ്രതിസന്ധി</u>

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകർ അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി ചെറുകിട-വൻകിട അടയ്ക്കാ കർഷകർക്ക് അർഹമായ നഷ്ടപരിഹാരം നൽകാനും കാർഷിക വായ്പകൾക്ക് പലിശ ഒഴിവാക്കി മൂന്നുവർഷത്തേക്ക് മൊറട്ടോറിയം പ്രഖ്യാപിക്കാനും കൃഷിക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് സബ്സിഡി നൽകാനുമുള്ള നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. പി. പ്രസാദ്</u>): കാസർഗോഡ് ജില്ലയിലെ കവുങ്ങ് കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. കവുങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സമർപ്പിച്ച വ്യക്തിഗത പ്രോജക്ടുകൾ നടപ്പാക്കുന്നതിന് 11.04 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കവുങ്ങുകളിൽ രോഗവ്യാപനം തടയുന്നതിനുള്ള പ്രതിരോധ മാർഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. കവുങ്ങ് കർഷകരുടെ കടബാധ്യതകൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്. കാസർഗോഡ് വികസന പാക്കേജിൽ കവുങ്ങ് കൃഷി പ്രോത്സാഹനത്തിനുള്ള പദ്ധതികൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

(11) <u>വി.എഫ്.പി.സി.കെ. മുഖേനയുള്ള പദ്ധതികൾ</u>

<u>ശ്രീ. മോൻസ് ജോസഫ്</u>: കാർഷിക മേഖലയിൽ വി.എഫ്.പി.സി.കെ. നടപ്പാക്കുന്ന വിവിധ പദ്ധതികൾക്ക് സാമ്പത്തിക പിന്തുണ നൽകുന്നതിനും ജീവനക്കാരുടെ ശമ്പള

കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): ആഭ്യന്തര വരുമാനം വർധിപ്പിച്ച് വി.എഫ്.പി.സി.കെ.-യുടെ സാമ്പത്തിക ബുദ്ധിമുട്ട് മറികടക്കാനും കർഷകർക്ക് ഗുണമേന്മയുള്ള കാർഷികോൽപാദനോപാധികൾ ആവശ്യാനുസരണം ലഭ്യമാക്കാനുമായി കൗൺസിലിനുകീഴിൽ കൃഷി ബിസിനസ്സ് കേന്ദ്രങ്ങളും തളിർ ഗ്രീൻ എക്കോ ഷോപ്പ് ഔട്ട്‌ലെറ്റുകളും ആരംഭിച്ചിട്ടുണ്ട്. 75 കോടി രൂപയുടെ സാമ്പത്തിക പിന്തുണയും ഇതിനായി നൽകിയിട്ടുണ്ട്. വി.എഫ്.പി.സി.കെ. നേരിടുന്ന പ്രതിസന്ധി സംബന്ധിച്ച് പഠനം നടത്തി പരിഹാരമാർഗങ്ങൾ സമർപ്പിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## IV മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## V റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

(1) 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും

(2) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഇരുപത്തിയൊന്നാമത് റിപ്പോർട്ട്

(3) പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ അൻപത്തിയൊൻപത് മുതൽ അറുപത്തിയാറ് വരെയുള്ള റിപ്പോർട്ടുകൾ

(4) സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ നാൽപ്പത്തിരണ്ട് മുതൽ നാൽപ്പത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ

(5) പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനെട്ടും പത്തൊൻപതും റിപ്പോർട്ടുകൾ.

## VI നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും

(i) 2025-ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബിൽ

തുറമുഖ-സഹകരണ ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ):2025-ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. വി. എൻ. വാസവൻ: 2025-ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. വി. എൻ. വാസവൻ: 1978-ലെ ഗുരുവായൂർ ദേവസ്വം നിയമത്തിലെ മൂന്ന് വകുപ്പുകളുടെ ഭേദഗതിയാണ് ഈ ബില്ലിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. ഗുരുവായൂർ ദേവസ്വം ബോർഡ് ഭരണസമിതിയിലെ ചെയർമാനും അംഗങ്ങൾക്കും സിറ്റിങ് ഫീസും ഓണറേറിയവും നൽകാനും അഡ്മിനിസ്ട്രേറ്റർക്ക് 50,000/- രൂപ വരെ ചെലവഴിക്കാനുള്ള അധികാരം നൽകാനുമുള്ള ഭേദഗതികളാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ സീറ്റിലില്ലാതിരുന്നതിനാൽ 1 (എ) നമ്പർ ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. പി. പി. ചിത്തരഞ്ജൻ: 2025-ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഗുരുവായൂർ ക്ഷേത്രത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും അതിന്റെ ചുമതല ഐ.എ.എസ്. റാങ്കിലുള്ള സ്പെഷ്യൽ ഓഫീസർക്ക് നൽകുകയും വേണം. ക്ഷേത്രത്തിലെ അടിസ്ഥാനസൗകര്യങ്ങൾ വർധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും ക്ഷേത്രം അഡ്മിനിസ്ട്രേറ്റർക്ക് ഒരു ലക്ഷം രൂപ വരെ ചെലവഴിക്കാനുള്ള അധികാരം നൽകുകയും ചെയ്യണം.

## VII നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച

### പകർച്ചവ്യാധികൾമൂലം ആരോഗ്യമേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. എൻ. ഷംസുദ്ദീൻ: നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ചയ്ക്കായി "സഭ ഇപ്പോൾ നിർത്തിവയ്ക്കുന്നു" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: ഗൗരവതരമായ ഒരു വിഷയം സഭയുടെയും ആരോഗ്യ വകുപ്പിന്റെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഈ ഉപക്ഷേപം അവതരിപ്പിക്കുന്നത്. സംസ്ഥാനത്ത് അമീബിക് മസ്തിഷ്കജ്വരം അതിവേഗം പടർന്നുപിടിച്ചിട്ടും രോഗപ്രതിരോധ മാർഗങ്ങളെ സംബന്ധിച്ച് ആരോഗ്യ വകുപ്പിന് യാതൊരു വ്യക്തതയുമില്ല. ഇതുവരെ 19 പേർ മരണമടയുകയും 66 പേർ ചികിത്സയിലുമാണ്. ജനങ്ങൾ ആശങ്കാകുലരാണ്. ഉറവിടം കണ്ടെത്തി രോഗം നിയന്ത്രിക്കുന്നതിൽ വകുപ്പ് പരാജയപ്പെട്ടിരിക്കുകയാണ്. മരിച്ചവരുടെയും രോഗബാധിതരുടെയും എണ്ണം മറച്ചുവയ്ക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. സംസ്ഥാനത്തെ

ആരോഗ്യരംഗം പരിതാപകരമായ അവസ്ഥയിലാണ്. രോഗപ്രതിരോധത്തിനാവശ്യമായ കർമ്മപദ്ധതി തയ്യാറാക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല. ഈ സർക്കാരിന്റെ കാലത്ത് പകർച്ചവ്യാധികൾമൂലം 1411 പേരാണ് മരണമടഞ്ഞത്.

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: കൃത്യമായ ആരോഗ്യനയം മുൻനിർത്തി പ്രവർത്തിക്കുന്ന സർക്കാരാണിത്. ആരോഗ്യ മേഖലയ്ക്ക് 51,250 കോടി രൂപ അനുവദിച്ചത് ഈ മേഖലയോടുള്ള സർക്കാരിന്റെ പ്രതിബദ്ധത വ്യക്തമാക്കുന്നതാണ്. അമീബിക് മസ്തിഷ്കജ്വരം തിരിച്ചറിയാനുള്ള ആധുനിക ലാബ് സൗകര്യം കേരളത്തിൽ മാത്രമാണുള്ളത്. പകർച്ചവ്യാധികൾ തടയുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ മാതൃകാപരമാണ്.

<u>ശ്രീ. മോൻസ് ജോസഫ്</u>: അമീബിക് മസ്തിഷ്കജ്വരം പ്രതിരോധിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടതുകൊണ്ടാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം സഭയിൽ അവതരിപ്പിക്കേണ്ടിവന്നത്. രോഗവ്യാപനം സർക്കാർ ഗൗരവമായി കണ്ടിട്ടില്ല.

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: കേരള മോഡൽ ആരോഗ്യ നയത്തിന് ഡബ്ല്യൂ.എച്ച്.ഒ.-യുടെ അംഗീകാരം ലഭ്യമായത് പ്രശംസനീയമാണ്. പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിൽ സർക്കാർ മികച്ച പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനുവേണ്ട സമഗ്ര പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

<u>ശ്രീ. നജീബ് കാന്തപുരം</u>: സംസ്ഥാനത്തെ ആരോഗ്യ മേഖല പകർച്ചവ്യാധി പ്രതിരോധത്തിൽ പരാജയപ്പെട്ടിരിക്കുകയാണ്. സർക്കാർ ആശുപത്രികളിൽ സാധാരണക്കാർക്കുവേണ്ട ചികിത്സ ലഭ്യമാകുന്നില്ലെന്ന് മാത്രമല്ല ചികിത്സാ ഉപകരണങ്ങൾ ഉപയോഗശൂന്യമായി കിടക്കുകയുമാണ്. സാധാരണക്കാർക്കാവശ്യമായ സൗകര്യങ്ങളൊരുക്കാതെ കോർപ്പറേറ്റുകളെ സംരക്ഷിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്.

ശ്രീ. പ്രമോദ് നാരായൺ: ആരോഗ്യ മേഖലയിൽ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ മുകവുറ്റതാണ്. പകർച്ചവ്യാധി വ്യാപനം തടയുന്നതിന് ഫലപ്രദമായ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. സാധാരണക്കാർക്ക് സൗജന്യ ചികിത്സ ഉറപ്പാക്കുന്നതോടൊപ്പം ഈ രംഗത്ത് വൻതോതിലുള്ള നിക്ഷേപമാണ് കിഫ്ബിയിലൂടെ നടത്തിയിട്ടുള്ളത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: അമീബിക് മസ്തിഷ്കജ്വരം, നിപ തുടങ്ങിയ പകർച്ചവ്യാധികളുടെ ശരിയായ ഉറവിടം കണ്ടെത്തുന്നതിന് യാതൊരു പഠനവും ആരോഗ്യ വകുപ്പ് നടത്തുന്നില്ല. പകർച്ചവ്യാധിമൂലം 2025-ൽ സംസ്ഥാനത്ത് ഇതുവരെ 363 പേർ മരണപ്പെട്ടിട്ടുണ്ട്. സർക്കാർ ആശുപത്രികളോടുള്ള ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെട്ടിരിക്കുകയാണ്.

ശ്രീമതി ശാന്തകുമാരി കെ.: പൊതുജനാരോഗ്യ മേഖലയിൽ ഇ-ഹെൽത്ത് സംവിധാനം ഏർപ്പെടുത്തിയതും ജനകീയ ആരോഗ്യ കേന്ദ്രങ്ങളും ഡയാലിസിസ് യൂണിറ്റുകളും ആരംഭിച്ചതും മാതൃ-ശിശുമരണ നിരക്കുകൾ കുറയ്ക്കാനായതും ആരോഗ്യവകുപ്പിന്റെ പ്രവർത്തനമികവ് വ്യക്തമാക്കുന്നതാണ്. കേരള മോഡൽ ആരോഗ്യനയത്തിന് ലോകാരോഗ്യ സംഘടനയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. സംസ്ഥാനത്തെ പൊതുജനാരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾ മാതൃകാപരമാണ്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സാധാരണക്കാർക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കിയാണ് ആരോഗ്യമേഖല മുന്നോട്ടുപോകുന്നത്. മാതൃ-ശിശുമരണ നിരക്കും നവജാത ശിശുമരണ നിരക്കും കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. സൗജന്യ ചികിത്സാ ധനസഹായം വർധിപ്പിച്ചതും ആരോഗ്യമേഖലയിലെ വികസന പ്രവർത്തനങ്ങൾക്ക് കൂടുതൽ തുക അനുവദിച്ചതും ഈ സർക്കാരാണ്. സംസ്ഥാനത്ത് പുതുതായി നാല് മെഡിക്കൽ

കോളേജുകൾ ആരംഭിക്കുകയും നഴ്സിങ് സീറ്റുകളുടെ എണ്ണം വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശ്രീ. തോമസ് കെ. തോമസ്</u>: ആരോഗ്യമേഖലയിൽ സമാനതകളില്ലാത്ത വികസന പ്രവർത്തനങ്ങളാണ് സർക്കാർ കാഴ്ചവയ്ക്കുന്നത്. ആതുരസേവന രംഗത്ത് നിരവധി അവാർഡുകൾ കരസ്ഥമാക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. സർക്കാർ നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങളെ അംഗീകരിക്കാനും പിന്തുണയ്ക്കാനും പ്രതിപക്ഷം തയ്യാറാകണം.

<u>ശ്രീ. ഡി. കെ. മുരളി</u>: അമീബിക് മസ്തിഷ്കജ്വരം പടർത്തുന്ന ഭയാശങ്കകളിൽനിന്നും ജനങ്ങളെ മോചിപ്പിക്കുന്നതിനും പ്രതിരോധ നടപടി സ്വീകരിക്കുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്. രോഗം പടർത്തുന്ന അമീബകളെ പരണശോധനയിലൂടെ കണ്ടെത്തുന്നതിനുള്ള സൗകര്യം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിൽ സജ്ജമാക്കിയിട്ടുണ്ട്. അമീബിക് മസ്തിഷ്കജ്വരവുമായി ബന്ധപ്പെട്ട വ്യാജപ്രചാരണങ്ങൾ പ്രതിപക്ഷം അവസാനിപ്പിക്കണം.

<u>ശ്രീ. എച്ച്. സലാം</u>: ആരോഗ്യമേഖലയിൽ പ്രാഥമിക തലംമുതൽ സൂപ്പർ സ്പെഷ്യാലിറ്റി തലംവരെയുള്ള സൗകര്യങ്ങൾ സാധാരണക്കാർക്കുവേണ്ടി സർക്കാർ ഒരുക്കിയിട്ടുണ്ട്. സാധാരണക്കാർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് 1500 കോടിയോളം രൂപയാണ് സർക്കാർ ചെലവഴിക്കുന്നത്. ഫലപ്രദമായ പ്രതിരോധ പ്രവർത്തനങ്ങളിലൂടെ പകർച്ചവ്യാധി വ്യാപനം തടയാൻ സാധിച്ചിട്ടുണ്ട്.

പ്രതിപക്ഷനേതാവ് <u>(ശ്രീ. വി. ഡി. സതീശൻ)</u>: 2016-ലാണ് കേരളത്തിൽ ആദ്യമായി അമീബിക് മസ്തിഷ്കജ്വരം റിപ്പോർട്ട് ചെയ്തത്. ലോകത്താകെ അഞ്ഞൂറിൽപ്പരം അമീബിക് മസ്തിഷ്കജ്വരം കേസുകൾ റിപ്പോർട്ട് ചെയ്തതിൽ 120-ലധികവും കേരളത്തിലായിട്ടും സംസ്ഥാന ആരോഗ്യ വകുപ്പ് ചികിത്സാ പ്രോട്ടോക്കോൾ തയ്യാറാക്കുകയോ മുൻകരുതൽ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. രോഗത്തിന്റെ ഉറവിടം കണ്ടെത്തുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. കോവിഡാനന്തരം കുഴഞ്ഞുവീണുള്ള മരണം വർധിച്ചത് പഠന

വിധേയമാക്കണം. ആശുപത്രികളിൽ ആവശ്യത്തിന് മരുന്നും ഉപകരണങ്ങളും ലഭ്യമാകാത്തത് സംബന്ധിച്ച് പരിശോധിക്കണം. സാംക്രമിക രോഗങ്ങൾ പടർന്നുപടിക്കുന്നത് തടയാനും അമീബിക് മസ്തിഷ്കജ്വരം കൈകാര്യം ചെയ്യാനുള്ള പ്രോട്ടോക്കോൾ തയ്യാറാക്കി ജനങ്ങളുടെ ആശങ്ക അകറ്റാനുമാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): അമീബിക് മസ്തിഷ്കജ്വരം സംബന്ധിച്ച യാഥാർഥ്യങ്ങൾ പൊതുസമൂഹം മനസ്സിലാക്കണമെന്ന ഉദ്ദേശ്യത്തോടെയാണ് വിഷയം ചർച്ച ചെയ്യാൻ തീരുമാനിച്ചത്. പൊതുജനാരോഗ്യ മേഖലയിൽ കേരളം കൈവരിച്ച നേട്ടങ്ങൾ നിരവധിയാണ്. സംസ്ഥാനത്തെ ശിശുമരണ നിരക്ക് ഗണ്യമായി കുറയ്ക്കാനും കോവിഡ്, നിപ, മങ്കിപോക്സ്, സിക്ക വൈറസ് തുടങ്ങിയ പകർച്ചവ്യാധികളെ ഫലപ്രദമായി പ്രതിരോധിച്ച് മരണനിരക്ക് കുറയ്ക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 13 ജില്ലാ ആശുപത്രികളിലും കാത്ത് ലാബുകൾ സ്ഥാപിച്ച് ഹൃദയശസ്ത്രക്രിയ സൗജന്യമാക്കാനും കാർഡിയാക് അറസ്റ്റുമൂലമുണ്ടാകുന്ന മരണനിരക്ക് കുറയ്ക്കാനും സാധിച്ചിട്ടുണ്ട്. മസ്തിഷ്കജ്വര മരണത്തിന്റെ കാരണം ഇതുവരെ കണ്ടെത്താനായിട്ടില്ല. രണ്ട് തരത്തിലുള്ള അമീബിക് മസ്തിഷ്കജ്വരങ്ങളാണ് സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. മസ്തിഷ്കജ്വരം ബാധിച്ചവരുടെ വിവരം കൃത്യമായി റിപ്പോർട്ട് ചെയ്യണമെന്ന് കർശന നിർദേശം നൽകിയിട്ടുണ്ട്. അമീബയുടെ സാന്നിധ്യം സംസ്ഥാനത്തെ എല്ലാ മൈക്രോ ബയോളജി ലാബുകളിലും പരിശോധിക്കാൻ സാധിക്കുന്നതാണ്. അമീബിക് മസ്തിഷ്കജ്വരത്തിനുള്ള ചികിത്സ സംബന്ധിച്ച് ആരോഗ്യ വകുപ്പിന് കൃത്യമായ ഗൈഡ്‌ലൈനും പ്രോട്ടോക്കോളുമുണ്ട്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേർന്ന് വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ശക്തമായ പ്രതിരോധ പ്രവർത്തനങ്ങളുമായാണ് സർക്കാർ

മുന്നോട്ടുപോകുന്നത്. സ്വന്തം നിയോജകമണ്ഡലത്തിലടക്കം നടത്തുന്ന ഇത്തരം പ്രവർത്തനങ്ങൾ ഉപക്ഷേപം അവതരിപ്പിച്ച അംഗം അറിയാത്തത് ഖേദകരമാണ്.

(ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ഉപക്ഷേപം അവതരിപ്പിച്ച അംഗത്തെ ആക്ഷേപിച്ച് സംസാരിച്ചുവെന്ന് ആരോപിച്ച് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിന് സമീപംവന്ന് ബഹളം വയ്ക്കുകയും തുടർന്ന് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തിയശേഷം പ്രതിപക്ഷം ഒന്നടങ്കം തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിക്കുകയും ചെയ്തു.)

ക്രിയാത്മകമായ യാതൊരു നിർദേശവും മുന്നോട്ടുവയ്ക്കാൻ പ്രതിപക്ഷത്തിന് കഴിഞ്ഞിട്ടില്ല. രോഗപരിശോധനയിൽ കൃത്യതയും സ്റ്റാൻഡേർഡൈസേഷനും ഉറപ്പാക്കുന്നതിനായി 'നിർണ്ണയ' എന്ന പേരിൽ സംസ്ഥാനത്തെ 885 ആരോഗ്യ കേന്ദ്രങ്ങളിലുൾപ്പെടെ 1500 സ്ഥാപനങ്ങളിൽ അതിവിപുലമായ ലാബ് ശൃംഖല hub and spoke മോഡലിൽ ആരംഭിക്കുന്നതാണ്. അമീബിക് മസ്തിഷ്കജ്വരം വ്യാപിക്കുന്നത് തടയുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ഉപക്ഷേപം സഭ നിരാകരിച്ചു.

**നിയമനിർമ്മാണകാര്യം-തുടർച്ച**

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (<u>ശ്രീ. വി. എൻ. വാസവൻ</u>): ഗുരുവായൂർ ദേവസ്വത്തിന്റെ സർവതോമുഖമായ വികസനത്തിനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പാഞ്ചജന്യം ഗസ്റ്റ് ഹൗസിന്റെ നവീകരണ പ്രവർത്തനം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഷോപ്പിങ് കോംപ്ലക്സിന്റെയും റോബോട്ടിക് കാർ പാർക്കിങ്ങിന്റെയും നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ദേവസ്വം റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ഗുരുവായൂർ മാസ്റ്റർ പ്ലാൻ

തയ്യാറാക്കാൻ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ദേവസ്വം ഭരണസമിതിക്ക് ചെലവഴിക്കാൻ കഴിയുന്ന തുകയുടെ പരിധി 50,000 രൂപയായി ഉയർത്തുന്ന ഭേദഗതി ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗുരുവായൂരിലെ വികസന പ്രവർത്തനങ്ങളുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ശബരിമലയെ ആഗോള തീർഥാടന കേന്ദ്രമാക്കി ഉയർത്തുന്നതിന്റെ ഭാഗമായി ആഗോള അയ്യപ്പസംഗമം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ശബരി എയർപോർട്ട് ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ യാഥാർഥ്യമാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. വിവിധ ദേവസ്വം ബോർഡുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി.-യുടെ സഹായത്തോടെ ഒരു പിൽഗ്രിം ടൂറിസം പാക്കേജിന് രൂപംനൽകാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഗുരുവായൂർ റെയിൽപാതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കേന്ദ്ര ഗവൺമെന്റുമായി ചർച്ച ചെയ്ത് തീരുമാനിക്കും. ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർഥിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2025-ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

ii) 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബിൽ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

ചെയർപേഴ്സൺ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ: 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-10-2025 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കയർ മേഖലയിൽ കാലാനുസൃതമായ മാറ്റം കൊണ്ടുവരുന്നതിനും ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് ഫലപ്രദമായി നടപ്പിലാക്കുന്നതിനും പിഴ ചുമത്തുന്നതിനുമുമ്പ് ബന്ധപ്പെട്ട വ്യക്തിക്ക് കാര്യങ്ങൾ ബോധിപ്പിക്കാനുള്ള അവസരം നൽകുന്നതിനും പിഴത്തുക കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുമായാണ് ബിൽ കൊണ്ടുവന്നിട്ടുള്ളത്. കയർ കയറ്റുമതിയിൽ മുന്നിട്ട് നിൽക്കുന്ന കേരളത്തിന് പ്രത്യേക സഹായം അനുവദിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടണം. കയർ റിവോൾവിങ് ഫണ്ട്, കയർ ഫൈബർ ബാങ്ക് എന്നിവ രൂപീകരിക്കുന്നത് ഈ മേഖലയുടെ പുനരുജ്ജീവനത്തിന് സഹായകമാകും. തൊഴിലാളികളുടെ വരുമാന വർധനവിനുവേണ്ടി പ്രത്യേക സഹായം ചെയ്തുകൊണ്ട് ഈ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് ഗവൺമെന്റ് നടത്തുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്.

(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സീറ്റിലില്ലാത്തതിനാൽ 2 ബി ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): കയർത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുള്ള നിർദേശങ്ങളാണ് ബില്ലിൽ

വ്യവസ്ഥ ചെയ്തിരിക്കുന്നത്. ക്ഷേമനിധി സെസ്സ് പിരിക്കുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസ് തീർപ്പാക്കിക്കൊണ്ട് ഈ മേഖലയെ ശക്തിപ്പെടുത്താനാണ് ശ്രമിക്കുന്നത്. പരമ്പരാഗത മേഖല നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിന് വിവിധ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. കയർ കോർപ്പറേഷനെ ലാഭകരമാക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. കയർ മേഖലയിലെ ബന്ധപ്പെട്ടവരെ ഉൾപ്പെടുത്തി 2025 സെപ്റ്റംബർ 23-ന് ആലപ്പുഴയിൽ കോൺക്ലേവ് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി കയർ ഫൈബർ ബാങ്കും റിവോൾവിങ് ഫണ്ടും രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി തൊഴിലാളികൾക്ക് പ്രത്യേക പരിശീലനവും സാമ്പത്തിക സഹായവും നൽകി സ്റ്റാർട്ടപ്പുകൾ ആരംഭിക്കാനും ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്താനും കയറ്റുമതി വർധിപ്പിക്കാനും സാധിച്ചിട്ടുണ്ട്. ഇ-കോമേഴ്സ് പ്ലാറ്റ്ഫോമിലൂടെ കയർ ഉൽപന്നങ്ങൾ വിറ്റഴിക്കാനും കയർ ഭൂവസ്ത്രത്തിന്റെ വിപണനത്തിൽ വർധനവുണ്ടാക്കാനും കയർപിരി തൊഴിലാളികളുടെ വേതനം വർധിപ്പിക്കാനും സാധിച്ചിട്ടുണ്ട്. കേന്ദ്രീകൃത ക്ലസ്റ്റർ സംവിധാനത്തിലൂടെ ആലപ്പുഴയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ശ്രമിക്കുന്നത്. കയർ തൊഴിലാളികൾക്കായി ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. സംഘങ്ങളിൽനിന്ന് വിരമിച്ച ജീവനക്കാരുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന സംഘങ്ങൾക്ക് പ്രവർത്തനമൂലധനവും സൊസൈറ്റികൾക്ക് മാനേജീരിയൽ സബ്സിഡിയും വിതരണം ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാർ പരമ്പരാഗത മേഖലയോട് നിഷേധാത്മക സമീപനമാണ് സ്വീകരിക്കുന്നത്. പരമ്പരാഗത മേഖലയിലുള്ളവരെ സംരക്ഷിക്കാനും യുവതലമുറയെ ആകർഷിക്കാനും കഴിയുന്ന തരത്തിലുള്ള വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടപ്പാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം

മെച്ചപ്പെടുത്താനാവശ്യമായ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യും. 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർഥിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച IV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(സഭ ഉച്ചയ്ക്കുശേഷം 3.33-ന് പിരിഞ്ഞു.)

-----